(11) വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമനിധി

ശ്രീ. എ. കണാരൻ : സർ, വക്കീൽ ഗുമസ്തന്മാരുടെ സ്ഥിതി വളരെ ദയനീയമാണ്. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ കോടതിയുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ് വക്കീൽ ഗുമസ്തന്മാർ. അവർക്ക് നിത്യനിദാന ചെലവിനുപോലും വക കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണ്. വക്കീൽ ഗുമസ്തന്മാരായി പതിനായിരത്തോളം പേരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽ ഏഴായിരം പേർക്ക് സർക്കാർ തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. വക്കീൽ ഗുമസ്തൻമാർക്കുവേണ്ടി ഒരു ക്ഷേമനിധി നിലവിലുണ്ടെങ്കിലും മറ്റ് ക്ഷേമനിധിയിലുള്ളവർക്ക് ലഭിക്കുന്നവപോലുള്ള ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നതിന് വ്യവസ്ഥയില്ല. മരണമടയുന്നതുവരെ അവർക്ക് ആശ്വാസം നൽകാൻ യാതൊരു വ്യവസ്ഥയും ഇല്ല. മരിച്ചു കഴിഞ്ഞാൽ പതിനായിരം രൂപ അവരുടെ കുടുബാംഗങ്ങൾക്ക് കിട്ടും. രോഗം വന്നാൽ ചികിത്സിക്കാൻ കഴിയാതെ സാംമ്പത്തികമായി വിഷമത അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാൽ യാതൊരു നടപടിയുമില്ല. അപകടങ്ങൾ സംഭവിച്ചാൽ മറ്റ് ക്ഷേമനിധിയിലുള്ളതു പോലെ സംരക്ഷണം നൽകാനും വ്യവസ്ഥയില്ല. തൊഴിലെടുക്കുന്നവർക്ക് മറ്റു ക്ഷേമനിധിയിലുള്ളവർക്കു ലഭിക്കുന്നതുപോലെ പെൻഷനോ മരണാനന്തര ചെലവുകളോ വീടു വയ്ക്കുന്നതിനു സഹായമോ, വീടു വയ്ക്കാനാവശ്യമായ ലോൺ നൽകുന്ന സംവിധാനമോ ഒന്നും തന്നെയില്ല. മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുവേണ്ടിയും യാതൊന്നും നൽകുന്നില്ല. വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധിയിൽ ആവശ്യമായ മാറ്റം വരുത്തി അത് കൂടുതൽ ഉപകാരപ്രദമാക്കിത്തീർക്കണം. ക്ഷേമനിധിയിലേയ്ക്ക് ഗുമസ്ഥന്മാരുടെ വിഹിതം പിരിച്ചെടുക്കുകയും ഗവൺമെന്റ് വിഹിതം നൽകുകയും വേണം. കേസുകൾ കോടതിയിൽ ഫയൽ ചെയ്യുമ്പോൾ അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിന്റെ ഭാഗമായി വക്കീലന്മാർ ഒട്ടിക്കുന്ന 5 രൂപ സ്റ്റാംപിന്റെ ഒരു വിഹിതം കൂടി ഇവർക്ക് കൊടുത്തു കഴിഞ്ഞാൽ ഈ രംഗത്ത് കുറേക്കൂടി ആശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയും. അതല്ലെങ്കിൽ പ്രത്യേകമായ ഒരു സമീപനംതന്നെ വക്കീൽ ഗുമസ്തമാരുടെ കാര്യത്തിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇപ്രകാരം ചെയ്തുകഴിഞ്ഞാൽ വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധിയിലേയ്ക്ക് കുറെയധികം സംഖസമാഹരിക്കാൻ കഴിയും. ഈ വിഭാഗത്തെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ഇവരുടെ ക്ഷേമനിധി പരിഷ്കരിക്കണമെന്ന് അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : വക്കീൽ ഗുമസ്ഥന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, കോടതിയിൽ ഫയൽ ചെയ്യുന്ന പെറ്റീഷനുകളിൽ ഗുമസ്തന്മാരുടെ ക്ഷേമത്തിനായി രണ്ട് രൂപയുടെ സ്റ്റാമ്പ് ഒട്ടിക്കുന്നതിനെക്കുറിച്ചുള്ള സജഷൻ അഡ്വക്കേറ്റ്സ് ആക്ട് സെക്ഷൻ 34 അനുസരിച്ച് നടപ്പിലാക്കുന്നതിന് ഹൈക്കോടതിക്ക് സമർപ്പിച്ചുവെങ്കിലും ഹൈക്കോടതി അത് നിരസിക്കുകയുണ്ടായി. അഡീഷണൽ ഫണ്ട് തരാൻ വേണ്ടി മറ്റൊരു സജഷൻ ധനകാര്യവകുപ്പിന് സമർപ്പിച്ചുവെങ്കിലും സാംപത്തിക പ്രതിസന്ധി കാരണം അതും അനുവദിക്കുകയുണ്ടായില്ല. ഒടുവിൽ ലാ സെക്രട്ടറി, വക്കീൽ ഗുമസ്തന്മാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് ഗുമസ്തൻമാർ തന്നെ സ്വമേധയാ രണ്ട് രൂപ സ്റ്റാപ് ഒട്ടിച്ചുകൊള്ളാമെന്നും അങ്ങനെ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചു സർക്കാരിന് അധിക സാംപത്തിക ബാധ്യത വരാത്തവിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം വർദ്ധിപ്പിക്കാമെന്നും അഭിപ്രായപ്പെട്ടു. അക്കാര്യം ഇപ്പോൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(12) തിരുവല്ല നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന തിരുവല്ല നിയോജകമണ്ഡലത്തിലെ തിരുവല്ലയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന വോൾട്ടേജ് ക്ഷാമവും നിത്യേനയുള്ള വൈദ്യുതി മുടക്കവും കാരണം ജനജീവനം ദുഃസ്സഹമായിരിക്കുകയാണ്. ഇതിന് അടിയന്തിര പരിഹാരം കാണണമെന്ന ആവശ്യമാണ് ഈ സബ്മിഷനിൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. ഇതിനായി രണ്ടു നിർദ്ദേശങ്ങളാണ് എനിക്കു പറയാനുള്ളത്. തിരുവല്ലയിലെ 66 കെ.വി. ചുമത്ര സബ് സ്റ്റേഷനിൽ നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി നാല് എം. വി.എ യാണ്. അതിന്റെ കപ്പാസിറ്റികൂട്ടി തിരുവല്ല ടൗണിലേയ്ക്ക് ഒരു പ്രത്യേക ഫീഡർ ലൈൻ വലിക്കണം. ആ പ്രൊപ്പോസൽ നേരത്തേ വൈദ്യുതി ബോർഡ് അംഗീകരിച്ചതാണ്. അതുപോലെതന്നെ തിരുവല്ലയിൽ വൈദ്യുതി ലഭിക്കുന്നത് പള്ളം-മാവേലിക്കര ലൈനിൽക്കൂടിയാണ്. ആ ലൈനിൽ ഉപയോഗിച്ചിരുന്ന കൺഡക്ടറിന് ഇപ്പോൾ 75 വർഷം പഴക്കമുണ്ട്. ദുർബലമായ കാറ്റടിച്ചാൽ പോലും പലപ്പോഴും കംപി പൊട്ടി വീഴുകയും ബ്രിഡിംഗ് ഉണ്ടാകുകയും ചെയ്യുന്നു. ആ കണ്ഡക്ടർ മാറ്റി പുതിയത് സ്ഥാപിക്കുക, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കൂട്ടി പുതിയ ഒരു ലൈൻ തിരുവല്ലയിലേയ്ക്കു വലിക്കുക തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾ പരിഗണിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡിന് നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ട കാര്യത്തിൽ, തിരുവല്ല സബ് സ്റ്റേഷന്റെ വികസനത്തിനുവേണ്ട സ്ഥലസൗകര്യം ലഭ്യമല്ലാത്തതുകൊണ്ട് ട്രാൻസ്ഫോർമർ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് പ്രയാസമുണ്ടാകുമെന്നാണ് ബോർഡ് അറിയിച്ചത്. എന്നാൽ തൊട്ടടുത്ത് മറ്റൊരു സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്ന ആവശ്യം നിർവ്വഹിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. അത് ഗതിവേഗത്തിൽ നടപ്പാക്കാൻ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. പള്ളം-മാവേലിക്കര ലൈനിലെ കോപ്പർ കണ്ഡക്ടർ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(13) കണ്ണൂർ, തലശ്ശേരി, മാഹി ബൈപ്പാസിന്റെ നിർമ്മാണം

ശ്രീ. ടി.കെ. ബാലൻ : സർ, 1963-ൽ വടക്കേ മലബാറിലെ എൻ.എച്ച് 17-ൽ കണ്ണൂർ-തലശ്ശേരി-മാഹി ബൈപ്പാസ്സിനെ സംബന്ധിച്ച് സർവ്വേ നടത്തുകയും ചില സ്ഥലങ്ങൾ അക്വയർ ചെയ്യുകയും ചെയ്തു. എൻ.എച്ച്.17 എന്നു പറഞ്ഞാൽ വടക്കേ മലബാറിനെ സംബന്ധിച്ചിടത്തോളം പഴയ പഞ്ചായത്ത് റോഡാണ് എന്നു പറയുന്നതായിരിക്കും ശരി. ഇപ്പോൾ ഗോൾഡൻ കോറിഡോറിനെപ്പറ്റിയും എക്സ്പ്രസ്സ് ഹൈവേയെപ്പറ്റിയും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, വടക്കേ മലബാറിൽ സഞ്ചരിച്ചിട്ടുള്ള ഏതൊരാൾക്കും അറിയാൻ സാധിക്കും വളരെ ഇടുങ്ങിയ റോഡാണ് എൻ.എച്ച്. 17എന്ന്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly